പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 1354

13.07.2016 ൽ
മറുപടിക്ക്

# പോലീസിന്റെ കാര്യക്ഷമത

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പി.ടി. തോമസ് | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) സംസ്ഥാന പോലീസിൽ കുറ്റാന്വേഷണ വിഭാഗവും ക്രമസമാധാന വിഭാഗവും രണ്ടായി തിരിച്ച് പോലീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;<br><br>ബി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം നൽകാമോ; | (എ) യും (ബി) യും | പ്രകാശ് സിംഗ് & അദേഴ്സ് vs യൂണിയൻ ഓഫ് ഇന്ത്യ & അദേഴ്സ്, WP(C)310/1996 നമ്പർ കേസ്സിൽ ബഹു. സുപ്രീം കോടതി 22.9.2006 ൽ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് സിറ്റികളിലെ പോലീസ് സ്റ്റേഷനുകളിൽ ക്രമസമാധാന പരിപാലന ചുമതലയും, കുറ്റാന്വേഷണ ചുമതലയും വേർതിരിച്ചുകൊണ്ട് 27.12.2006 ൽ സ.ഉ.(സാധാ) 3069/2006/ആഭ്യന്തരം നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് ഏത് രീതിയിൽ നടപ്പാക്കണമെന്ന് 25.1.2010 ൽ സർക്കുലർ നം.5/2010 പ്രകാരം സംസ്ഥാന പോലീസ് മേധാവി ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ക്രമസമാധാന പരിപാലന ചുമതലയും കുറ്റാന്വേഷണ ചുമതലയും വേർതിരിക്കുന്നതിലെ ഭരണപരവും, സാമ്പത്തികവും, പ്രായോഗികവുമായ വശങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ 24.8.2012 ൽ സ.ഉ.(സാധാ)7253/2012/പൊ.ഭ. നമ്പർ ഉത്തരവ് പ്രകാരം ഒരു ഏകാംഗ കമ്മീഷനെ നിയോഗിക്കുകയും, ടി കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിന്മേലുള്ള സംസ്ഥാന പോലീസ് മേധാവിയുടെ അഭിപ്രായം സർക്കാർ പരിശോധിച്ചുവരുകയുമാണ്. |
| സി) സംസ്ഥാന റിസർവ് പോലീസിലേയും ആംഡ് ബറ്റാലിയനിലേയും സമർത്ഥരായ ഉദ്യോഗസ്ഥരെ കുറ്റാന്വേഷണത്തിന് നിയോഗിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ? | സി) | സംസ്ഥാന റിസർവ് പോലീസ്/ആംഡ് പോലീസ് ബറ്റാലിയൻ സേനാംഗങ്ങളുടെ ജോലികളും ചുമതലകളും ലോക്കൽ പോലീസിന്റെതിൽ നിന്ന് വ്യത്യസ്തമായതിനാൽ ഈ ഉദ്യോഗസ്ഥരെ കുറ്റാന്വേഷണത്തിന് പരിഗണിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ